4027
9/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - 37 അങ്കണവാടി വർക്കർമാർക്ക് അവാർഡ് നൽകുന്നതിനും, 37 അങ്കണവാടി ഹെൽപ്പർ,13 സൂപ്പർവൈസർമാർ, ഒരു ശിശുവികസന പദ്ധതി ഓഫീസർ, ഒരു ജില്ലാ കളക്ടർ എന്നിവർക്ക് അവാർഡ് നൽകുന്നതിനും ഉള്ള തുക സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം 217/2015/സാനീവ                തീയതി, തിരുവനന്തപുരം, 31.03.2015

---

പരാമർശം : സാമൂഹ്യനീതി ഡയറക്ടറുടെ 13.03.2015 - ലെ ഐസിഡിഎസ്-ബി2-20100/14 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംയോജിത ശിശുവികസന സേവന പദ്ധതിയിൻ കീഴിൽ മികച്ച സേവനം കാഴ്ചവച്ചവർക്ക് സംസ്ഥാന അവാർഡ് നൽകുന്നതിന്റെ ഭാഗമായി ഓരോ വർഷവും 37 അങ്കണവാടി വർക്കർമാർ, 37 ഹെൽപ്പർമാർ, 14 സൂപ്പർവൈസർമാർ, ഒരു ശിശുവികസന പദ്ധതി ഓഫീസർ, ഒരു പ്രോഗ്രാം ഓഫീസർ, ഒരു ജില്ലാ കളക്ടർ എന്നിവർക്ക് അവാർഡ് നൽകി വരുന്നുണ്ട്. ഇതിൽ 37 അങ്കണവാടി വർക്കർമാർക്ക് 7500/- രൂപ നിരക്കിൽ 2,77,500/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ ''2235-02-102-98 (P) 34OC" ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. കൂടാതെ 37 അങ്കണവാടി ഹെൽപ്പർമാർക്ക് 5000/- രൂപ നിരക്കിൽ 1,85,000/- രൂപ, 14 സൂപ്പർവൈസർമാർക്ക് 10,000/- രൂപ നിരക്കിൽ 1,40,000/- രൂപ, ഒരു ശിശുവികസന പദ്ധതി ഓഫീസർക്ക് 15,000/- രൂപ, ഒരു പ്രോഗ്രാം ഓഫീസർക്ക് 20,000/- രൂപ, ഒരു ജില്ലാ കളക്ടർക്ക് 25,000/- രൂപ ഉൾപ്പെടെ 3,85,000/- ''2235-02-102-56 പ്ലാൻ" ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കേണ്ടത്. എന്നാൽ പ്രോഗ്രാം ഓഫീസറുടെയും കാസർഗോഡ് ജില്ലയിൽ നിന്നും സൂപ്പർവൈസറുടെയും അപേക്ഷകരില്ലാത്തതിനാൽ ഇവർക്കായുള്ള തുക ഒഴിവാക്കി ആകെ അവാർഡ് തുകയായ 3,55,000/- രൂപയും വർക്കർമാർക്കായുള്ള 2,77,500/-രൂപയും യഥാക്രമം ''2235-02-102-56 പ്ലാൻ", "2235-02-102-98 (P) 34 OC" ശീർഷകങ്ങളിൽ നിന്നും ചെലവഴിക്കേണ്ടതാണെന്നും, എന്നാൽ സങ്കേതിക ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ ടി തുക സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 14907 -ൽ നിക്ഷേപിക്കണമെന്നും പരാമർശ കത്തുകൾ പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 37 അങ്കണവാടി വർക്കർമാർക്ക് അവാർഡ് നൽകുന്നതിനുള്ള 2,77,500/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തി എഴായിരത്തി അഞ്ചൂറ് രൂപ മാത്രം) "2235-02-102-98 (P) 34 OC" ശീർഷകത്തിൽനിന്നും, 37 അങ്കണവാടി ഹെൽപ്പർമാർ, 13 സൂപ്പർവൈസർമാർ, ഒരു ശിശുവികസന പദ്ധതി ഓഫീസർ, ഒരു ജില്ലാ കളക്ടർ എന്നിവർക്ക് അവാർഡ് നൽകുന്നതിനുള്ള തുകയായ 3,55,000/- രൂപ (മുന്ന് ലക്ഷത്തി അമ്പത്തിയയ്യായിരം രൂപ മാത്രം) "2235-02-102-56 (P)" ശീർഷകത്തിൽ നിന്നും മാറി സാമൂഹ്യനീതി ഡയറക്ടറുടെ റ്റി.എസ്.ബി അക്കൗണ്ട് നമ്പർ 14907- ൽ നിക്ഷേപിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (31.03.2015- ലെ 24699/ww2/15/Fin. നമ്പർ അനൗദ്യോഗിക കുറിപ്പ്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ